**അടിയന്തിരം**

പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
(ഹയർ സെക്കന്ററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം-1

No.Fin.B5/104914/18/HSE

തീയതി : 25/06/2019

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം (ഹയർ സെക്കന്ററി വിഭാഗം) - റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകളുടെ അസാധാരണ കാലതാമസം - റീ കൺസിലേഷൻ പ്രക്രിയ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:- (1) ധനകാര്യ വകുപ്പിന്റെ 13/07/2018 - ലെ 63/2018/Fin. നമ്പർ സർക്കുലർ

(2) ധനകാര്യ വകുപ്പിന്റെ 25/05/2019 - ലെ 54/2019/Fin. നമ്പർ സർക്കുലർ

റീ കൺസിലേഷൻ പ്രക്രിയ വേഗത്തിലാക്കുന്നതിലേക്ക് "റീ കൺസിലേഷൻ റിപ്പോർട്ട്സ്" എന്ന പേരിൽ ബിംസ് ആപ്ലിക്കേഷനിലെ ബില്ല് സെക്ഷനിൽ പുതിയ ഒരു മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ ഡി.ഡി. ഒ. മാരുടെയും ലോഗിനിൽ ഇത് ലഭ്യമാണ്. ഡി.ഡി.ഒ. മാർ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് സ്പാർക്ക് (ശമ്പള, ശമ്പളേതര) ബില്ല്, ബിംസ് (കണ്ടിജന്റ്) ബില്ല് എന്നിവയിൽ നിന്നും ബില്ല് ക്രമത്തിൽ വിവരങ്ങളുടെ റിപ്പോർട്ട് എടുത്ത് പരിശോധിക്കാവുന്നതാണ്. ഈ റിപ്പോർട്ട് ഡി.ഡി.ഒ. മാരുടെ ബിൽ ബുക്കിലെ വിവരങ്ങളുമായി ചേർത്ത് പരിശോധിച്ച് അനുവദിക്കപ്പെട്ട ശീർഷകങ്ങളിൽ നിന്നു തന്നെയാണോ തുക മാറിയിട്ടുള്ളത്, തുകയുടെ കൃത്യത എന്നിവ പരിശോധിക്കേണ്ടതും വ്യത്യാസമുണ്ടെങ്കിൽ കൺട്രോളിംഗ് ഓഫീസറായ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഈ വകുപ്പിന്റെ പരിധിയിലുള്ള എല്ലാ ഡി.ഡി.ഒ. മാരും ഈ മൊഡ്യൂൾ ഉപയോഗിച്ച് 2018-2019 സാമ്പത്തിക വർഷം വരെയുള്ള അനുരഞ്ജനം ചെയ്ത വരവ് ചെലവ് കണക്കുകളുടെ റി കൺസിലേഷൻ സർട്ടിഫിക്കറ്റുകൾ ***www.agker.cag.gov.in*** എന്ന സൈറ്റ് മുഖാന്തിരം തയ്യാറാക്കി അടിയന്തിരമായി എ.ജി. യിലേക്ക് സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ഡയറക്ടറേറ്റിലേക്ക് അറിയിക്കേണ്ടതുമാണ്. സൂചന (2) പ്രകാരം റീ കൺസിലേഷൻ റിപ്പോർട്ട് ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശം സർക്കാർ നൽകിയിരിക്കുന്നതിനാൽ നിർദ്ദേശങ്ങൾ എല്ലാ ഡി.ഡി.ഒ. മാരും കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്/-

**സീനിയർ ഫിനാൻസ് ഓഫീസർ**
**(ഡയറക്ടർക്കുവേണ്ടി)**

പകർപ്പ്:-

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും
ആർ.ഡി.ഡി. മാർക്കും